പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1498 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ നടപ്പു സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്നതിന്റെ ബ്ലോക്ക് തിരിച്ചുള്ള വിശദാംശങ്ങൾ നല്കുമോ ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്ന വനിതാ തൊഴിലാളികൾക്ക് അവരുടെ വേതനത്തിനു പുറമെ ലഭ്യമാകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു കുടുംബത്തിന്റെ താമസസ്ഥലത്തിന് 5 കി.മി ചുറ്റളവിന് പുറത്താണെങ്കിൽ കൂലിയുടെ 10% യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കും. യഥാസമയം തൊഴിൽ ലഭ്യമായില്ലായെങ്കിൽ, തൊഴിലില്ലായ്മാ വേതനത്തിന് അർഹതയുണ്ട്. അതുപോലെ മസ്റ്റർറോൾ പൂർത്തീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ അർഹതപ്പെട്ട വേതനം ലഭിക്കുന്നതിനും കാലതാമസമുണ്ടാകുന്ന ഓരോ ദിവസത്തിനും നൽകാത്ത വേതനത്തിന്റെ 0.05% നിരക്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനും തൊഴിലാളിക്ക് അവകാശമുണ്ടായിരിക്കും. പ്രവൃത്തിസ്ഥലത്ത് കുടിവെള്ളം, പ്രാഥമിക ശുശ്രൂഷാ സൗകര്യം, തണൽ, 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിചരണ സൗകര്യം, തൊഴിലാളിയോ അനുധാവനം ചെയ്യുന്ന കുട്ടിയോ അപകടത്തിൽപെട്ടാൽ സൗജന്യ ചികിത്സ, അപകടമരണം സംഭവിച്ചാൽ എക്സ്ഗ്രേഷ്യ എന്നിവയും പദ്ധതിയിലെ ആനുകൂല്യങ്ങളാണ്. |
| (സി) | തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോ; തൊഴിൽ വേളയിൽ അപകടം സംഭവിച്ചാൽ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ഉം അതിലധികവും ദിവസം പണിയെടുത്ത തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകാവുന്നതും ആയതിന്റെ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. തൊഴിൽ വേളയിൽ അപകടം സംഭവിച്ചാൽ സൗജന്യ ചികിത്സയും തൊഴിലിടത്ത് വെച്ച് അപകട മരണം സംഭവിച്ചാൽ എക്സ്ഗ്രേഷ്യയും ലഭിക്കും. |

അനുബന്ധം

| ബ്ലോക്കിന്റെ പേര് | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം |
|---|---|
| അഞ്ചൽ | 139547 |
| ഇത്തിക്കര | 155191 |
| ഓച്ചിറ | 58912 |
| കൊട്ടാരക്കര | 113991 |
| ചടയമംഗലം | 243643 |
| ചവറ | 61704 |
| ചിറ്റുമല | 76244 |
| പത്തനാപുരം | 117817 |
| മുഖത്തല | 63748 |
| വെട്ടിക്കവല | 113536 |
| ശാസ്താംകോട്ട | 188245 |
| **ആകെ** | **1332578** |